


മാതൃഭൂമി
വാരാന്തപ്പതിപ്പ്
• കല • ജീവിതം • സംസ്കാരം 2017 നവംബർ 19 ഞായർ


ഗാന്ധിഭവനിലെ അന്തേവാസികൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം സോമരാജൻ | (ഇടത്തേ അറ്റത്ത് നടി പാലാ തങ്കം)

കരുണ

# സോമരാജന്റെ സ്നേഹരാജ്യം



**കേരളത്തിൽ ഒരു വ്യക്തി നടത്തുന്ന ആലംബഹീനരുടെ ഏറ്റവും വലിയ അഭയകേന്ദ്രമാണ് പത്തനാപുരത്തെ ഗാന്ധിഭവൻ. 1200-ലധികം അന്തേവാസികളുള്ള ഈ സ്ഥാപനത്തിന്റെ അമരക്കാരനായ സോമരാജനെക്കുറിച്ച് വായിച്ചോളൂ...**

**ജോളി അടിമത്ര**

പതിന്നാലുവർഷം മുമ്പുള്ള ഒരു പകൽ.

കൊട്ടാരക്കരയിൽനിന്ന് കോക്കാട് ഗ്രാമത്തിലേക്ക് ബസ് കയറുമ്പോൾ പുനലൂർ സോമരാജൻ വെറും സോമരാജനായിരുന്നു. പാരലൽ കോളേജ് അധ്യാപകനായും ഹോട്ടൽനടത്തിപ്പുകാരനായും കഴിഞ്ഞുകൂടിയ ഒരു സാധാരണ ഗൃഹനാഥൻ. എന്നാൽ, ആ യാത്ര സോമരാജനെ മാറ്റിമറിച്ചു. കാരണം അദ്ദേഹം പാറുക്കുട്ടിയമ്മ എന്നൊരു വൃദ്ധയെ കണ്ടുമുട്ടിയത് അന്നാണ്.

തകർന്നുവീഴാറായ കുടിലിൽ ഒറ്റയ്ക്കുകഴിയുന്ന പാറുക്കുട്ടിയമ്മ അവിവാഹിതയായിരുന്നു. കൊടുംപട്ടിണിയിൽ കഴിയുമ്പോഴും ഒന്നും പുറത്തറിയിക്കാതെ, തറവാടിത്തം കൈവിടാതെ കഴിഞ്ഞ ആ വൃദ്ധയാണ് തന്റെ ജീവിതം വഴിതിരിച്ചുവിട്ടതെന്ന് സോമരാജൻ ഓർക്കുന്നു.

''കുട്ടിക്കാലത്തേ എനിക്ക് അമ്മയെ നഷ്ടപ്പെട്ടതാണ്. കാൻസർവന്ന് അമ്മ മരിക്കുമ്പോൾ എനിക്ക് 12 വയസ്സ്. മുത്തശ്ശിയാണ് പിന്നെ വളർത്തിയത്. പാറുക്കുട്ടിയമ്മയെ കണ്ടതും എനിക്കെന്റെ അമ്മയെ ഓർമ്മവന്നു. 'പോരുന്നോ എന്റെ കൂടെ? ഞാനമ്മയെ നോക്കിക്കൊള്ളാം, എന്നു പറഞ്ഞു. 85 വയസ്സുള്ള പാറുക്കുട്ടിയമ്മ അന്നുമുതൽ എനിക്കമ്മയായി, എന്റെ മക്കൾക്ക് മുത്തശ്ശിയായി.''

ഗാന്ധിഭവൻ എന്ന പേരിൽ പുകൾകൊണ്ട ഒരഭയസ്ഥാപനത്തിന്റെ നാഥൻ പുനലൂർ സോമരാജൻ ജനിക്കുന്നത് ആ അമ്മയിൽനിന്നാണെന്നു പറയാം. പാറുക്കുട്ടിയമ്മ മുൻപേ പറന്ന ഒരു പക്ഷി മാത്രം. അവർക്കു പിൻഗാമികളായി ആയിരത്തിയിരുനൂറോളം പേരാണ് സോമരാജന്റെ കാരുണ്യത്തണലിലേക്കെത്തിയത്. ഒരു വ്യക്തിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തപ്പെടുന്ന ആലംബഹീനരുടെ ഏറ്റവും വലിയ അഭയകേന്ദ്രമാണ് ഇന്ന് പത്തനാപുരത്തെ ഗാന്ധിഭവൻ.

മക്കൾക്കുവേണ്ടാത്തവർ, അനാഥശിശുക്കൾ, രോഗപീഡിതർ, മാനസികാസ്വാസ്ഥ്യമുള്ളവർ... നിന്ദിതരും പീഡിതരുമായ എല്ലാവരെയും വാടകയ്ക്കെടുത്ത ചെറിയ വീട്ടിലേക്ക് സോമരാജൻ കൊണ്ടുവന്നു. ''പാർപ്പിടം മാത്രം പോരല്ലോ, എല്ലാവർക്കും മൂന്നുനേരം ഭക്ഷണവും നൽകണമല്ലോ. എന്നോടൊപ്പം വന്നവർ പതുക്കെ പത്തായി, നൂറായി, അഞ്ഞൂറായി... നല്ല മനസ്സുകൊണ്ടു മാത്രം അടുപ്പിൽ തീപുകയില്ലല്ലോ. കല്യാണവീടുകളിലും ഹോട്ടലുകളിലും ഞാൻ പോയി കാത്തുനിന്നു. അവിടെ മിച്ചംവരുന്ന ഭക്ഷണം വാരിക്കെട്ടി കൊണ്ടുവന്നു. എന്നെ പരിഹസിച്ചവരുമുണ്ട്. പക്ഷേ, എനിക്കും എന്റെ മക്കൾക്കും വേണ്ടിയല്ലല്ലോ, ഈശ്വരന്റെ മക്കൾക്കുവേണ്ടിയല്ലേ ഞാൻ ചോദിക്കുന്നത്?''

ആദ്യമൊക്കെ ഒപ്പംനിന്ന പലരും സോമരാജനെ കൈവിട്ടു, മാത്രമല്ല തള്ളിപ്പറയുകയും ചെയ്തു. 36 പേർക്കുമാത്രം അഭയംനൽകാൻ അനുവാദമുള്ള സ്ഥാപനത്തിൽ 180-ലധികം പേരെ താമസിപ്പിച്ചത് കുറ്റമായി.

''500 പേരുടെ ഒപ്പ് ശേഖരിച്ച് എനിക്കെതിരേ പരാതിയയച്ചത് ഉറ്റകൂട്ടുകാർ തന്നെയായിരുന്നു. സാമൂഹികക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടരും പ്രൊട്ടക്ഷൻ ഓഫീസറും എത്തി. പരിശോധനകളായി. എന്നാൽ, ഇവിടത്തെ വൃത്തിയുംവെടിപ്പും ഒക്കെക്കണ്ട് അവർ അഭിനന്ദിച്ചതിനുപുറമേ നിർദേശങ്ങളും നല്കിയാണ് മടങ്ങിയത്. എന്നിട്ടും ഊമക്കത്തുകളും പരാതികളും നിരന്തരം എനിക്കെതിരേ അധികൃതർക്ക് കിട്ടിക്കൊണ്ടിരുന്നു.'' -പിന്നിട്ട ക്ലേശപർവങ്ങളെപ്പറ്റി സോമരാജൻ.

1983-ലാണ് സോമരാജൻ കൊട്ടാരക്കര പാടവം സ്വദേശി പ്രസന്നയെ വിവാഹംചെയ്തത്. നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു ഫാൻസിഷോപ്പിന്റെ ഉടമയായിരുന്നു അന്നിദ്ദേഹം. അവർക്ക് രണ്ടുമക്കൾ പിറന്നു-അമിതയും അമലും. അന്തേവാസികൾക്ക് ഭക്ഷണം ഒരുക്കുന്നതൊക്കെ പ്രസന്നയുടെ മേൽനോട്ടത്തിലായിരുന്നു. എന്നാൽ, ആ പരീക്ഷണഘട്ടത്തിൽ കുടുംബം ഒറ്റപ്പെട്ടതുപോലെയായി. ആളുകൾ പെരുകുന്നു, വരുമാനം ഒന്നുമില്ല!

പ്രസന്നയ്ക്കുണ്ടായിരുന്ന 90 പവന്റെ ആഭരണങ്ങൾ പലപ്പോഴായി അവർ ഭർത്താവിന്റെ നിസ്സഹായതയ്ക്കു മുൻപിൽ സമർപ്പിച്ചു. അതുംകഴിഞ്ഞതോടെ വീണ്ടും ഇല്ലായ്മകളായി. ഒടുവിൽ പിതൃസ്വത്തായി ലഭിച്ച നിലവും ഫാൻസിഷോപ്പും വിറ്റു. അതും തീർന്നപ്പോൾ...

''പറ്റുകാർ കടം തരാതായി, ആളുകൾ പരിഹസിക്കാനും തുടങ്ങി. എല്ലാം വിട്ടെറിഞ്ഞ് നാടുവിടാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, നാളെ എന്റെ മക്കളെ കാണുമ്പോൾ ആളുകൾ പരിഹസിക്കില്ലേ? പക്ഷേ, പിറ്റേന്നത്തേയ്ക്ക് ഒരു മണി അരി പോലുമില്ല... 180 പേരുണ്ട് അപ്പോൾ. അതുവരെ എല്ലാം സഹിച്ച് കൂടെനിന്ന ഭാര്യ എന്നോടുപറഞ്ഞു: ''എനിക്കും മക്കൾക്കും അല്പം വിഷം വാങ്ങിത്താ. ഇങ്ങനെ ജീവിക്കുന്നതിലും ഭേദം അതാണ്.''

സോമരാജന്റെ തകർച്ച പൂർണമായ ദിവസം. വിഷം കഴിച്ച് എല്ലാം അവസാനിപ്പിക്കാൻ തീരുമാനിച്ച രാത്രി. ഇടയ്ക്കിടെ ഞെട്ടിഉണർന്നും മക്കളുടെ മുഖം ഓർത്ത് പിടഞ്ഞും രാത്രി തള്ളിനീക്കി. തെരുവിലെ അശരണരെ ജീവിക്കാൻ പ്രേരിപ്പിച്ച താൻതന്നെ സ്വന്തം കുടുംബത്തെ ഇല്ലായ്മ ചെയ്യുകയോ!

''എപ്പോഴോ എന്റെ നെറ്റിയിൽ ഒരു തണുത്ത സ്പർശം അറിഞ്ഞു, ഞാൻ കണ്ണുതുറന്നു. ഞാൻ ആരുടെയോ മടിയിൽ കിടക്കുകയാണ് ! എന്നെ ചേർത്തുപിടിച്ച് തലോടുന്ന കൈകൾ... കരുണ നിറഞ്ഞ കണ്ണുകളുള്ള ഒരാൾ. ''പേടിവേണ്ട, പിടിച്ചുനിൽക്കണം.'' ആ സ്വരം. ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഞാനദ്ദേഹത്തെ തിരിച്ചറിഞ്ഞു, അതു ക്രിസ്തുവായിരുന്നു! കിടക്കയിൽനിന്ന് ഞാൻ ചാടിയെണീറ്റു. ആകുലതകൾ വിട്ടൊഴിഞ്ഞ് മനസ്സ് ശാന്തമായിരുന്നു അപ്പോൾ. പിറ്റേന്ന് അതിരാവിലെ ഓട്ടോറിക്ഷയുടെ ശബ്ദംകേട്ട് വാതിൽ തുറക്കുമ്പോൾ രണ്ട്ചാക്ക് അരിയുമായി ഓട്ടോക്കാരൻ മുൻപിൽ! ഒരു പുരോഹിതൻ തലേന്ന് ഏൽപ്പിച്ചുവിട്ടതാണ്!''

ഇന്ന് 1500 പേർക്ക് ഇലയിട്ട് നിത്യവും സദ്യയാണ്. പായസമടക്കമുള്ള സദ്യ. സ്പോൺസർമാരുടെ വക നോൺവെജ് ഭക്ഷണവും ഇടയ്ക്കുണ്ടാവും.

സാധാരണ അഗതിമന്ദിരങ്ങളിലെ അന്തരീക്ഷം ഇവിടെ പ്രതീക്ഷിക്കരുത്, തികച്ചും ഉത്സവപ്രതീതി. കൂട്ടംചേർന്നിരുന്ന് ആഹ്ലാദസംഭാഷണങ്ങളിൽ മുഴുകുന്ന അന്തേവാസികൾ.

ആഭരണം, ചന്ദനത്തിരി, സോപ്പ്, സോപ്പുപൊടി, ഹെയർ ഓയിൽ എന്നിവയുടെ നിർമാണ യൂണിറ്റുകൾ. പച്ചക്കറികൃഷി, പൊതുജനങ്ങൾക്കായി മിൽമ യൂണിറ്റ്, വിലക്കുറവിൽ മരുന്ന്, ലീഗൽ എയ്ഡ്സെന്റർ, കൗൺസലിങ് കേന്ദ്രം, അലോപ്പതി, ഹോമിയോ, ആയുർവേദ ചികിത്സാകേന്ദ്രങ്ങൾ, സേവന സന്നദ്ധരായ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസി, ഷെൽട്ടർ ഹോം...

നവജാതശിശുക്കൾ മുതൽ മരണാസന്ന രോഗികൾക്കുവരെ പ്രത്യേക ബ്ലോക്കുകളുണ്ട്. കുഞ്ഞുങ്ങൾ ഗാന്ധിഭവന്റെ മക്കളായി വളരുന്നു, പഠിക്കുന്നു. നഴ്സറിക്കുഞ്ഞുങ്ങൾ മുതൽ നഴ്സിങ് വിദ്യാർഥികൾ വരെ. മുതിർന്നാൽ വിവാഹവും നടത്തിക്കൊടുക്കുന്നു. ഇതേ കോമ്പൗണ്ടിൽ തന്നെ 137 കുട്ടികൾ പഠിക്കുന്ന സ്പെഷൽ സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

''അന്തേവാസികളിൽ ഇടയ്ക്കൊരു പ്രണയമൊക്കെ മൊട്ടിടാറുണ്ട്. 65 കഴിഞ്ഞവർക്ക് മറ്റ് നിയമപ്രശ്നമില്ലെങ്കിൽ വിവാഹംചെയ്ത് ഒരുമിച്ചു കഴിയാനും അവസരമൊരുക്കാറുണ്ട്.'' ഇവിടെവെച്ചു കണ്ട് സ്നേഹിച്ച് വിവാഹിതരായ അംഗപരിമിതരായ ദമ്പതിമാരെ പരിചയപ്പെടുത്തി നിറചിരിയോടെ സോമരാജൻ പറഞ്ഞു.

മണിക്കൂറിൽ 2000 ചപ്പാത്തി ഉണ്ടാക്കാവുന്ന യന്ത്രം, തൊട്ടപ്പുറത്ത് കറിനിർമാണയൂണിറ്റ്. ഒരേസമയം 50 കുറ്റി പുട്ട്, ഇലയട, കൊഴുക്കട്ട തുടങ്ങിയവ ആവിയിൽ പുഴുങ്ങാവുന്ന സജ്ജീകരണങ്ങൾ... സദ്യവട്ടാനും വിളമ്പാനും സ്ഥിരം ആളുകൾ. ഇവിടെ വരുന്ന ഒരാൾ പോലും വിശന്നുമടങ്ങരുതെന്ന് നിർബന്ധം.

നാലര ഏക്കറിൽ ഒരു ലക്ഷം സ്ക്വയർഫീറ്റിൽ പാർപ്പിട സമുച്ചയമുള്ള ഗാന്ധിഗ്രാമത്തിനുള്ളിൽ പഞ്ചായത്തുഭരണമാണ്. 9 വാർഡുകൾ, അന്തേവാസികളിൽ തിരഞ്ഞെടുപ്പിനുനിന്ന് ജയിച്ചവരിൽനിന്ന് പഞ്ചായത്ത് പ്രസിഡന്റ്. ഇപ്പോഴത്തെ പ്രസിഡന്റ് വനിതയാണ്.

250-ൽ അധികം സ്ഥിരംജീവനക്കാരുടെ മേൽനോട്ടവുമുണ്ട്. എല്ലാറ്റിനും ശ്രദ്ധ പതിപ്പിച്ച് സോമരാജനും പ്രസന്നയും പാർക്കുന്നതും ഇതിനുള്ളിൽത്തന്നെ. മക്കൾ വിവാഹിതരായി, ചെറുമക്കളുമായി. മകൻ അമൽ അച്ഛനൊപ്പം സേവനകാര്യങ്ങളിൽ വ്യാപൃതനാണ്. ഗാന്ധിഭവന്റെ പബ്ലിക്കേഷൻ വിഭാഗം മേൽനോട്ടം അമലിനാണ്.

ജീവിതസായാഹ്നത്തിൽ ഒറ്റപ്പെട്ട പല പ്രമുഖരും സമാധാനത്തോടെ അവസാനദിനങ്ങൾ ഇവിടെ ചെലവഴിച്ചത് സോമരാജൻ ഓർമിക്കുന്നു. മുൻ എം. എൽ.എ.മാരായ കടയനിക്കാട് പുരുഷോത്തമൻ, എം.കെ. ദിവാകരനും ഭാര്യയും യേശുദാസിന്റെ വയലിനിസ്റ്റായിരുന്ന ചങ്ങനാശ്ശേരി രാജൻ, എ.ഐ.ടി.യു.സി. സംസ്ഥാന നേതാവായിരുന്ന എം.എസ്. നായർ, അഡ്വ. ഏരിശ്ശേരി ദാമോദർ നായർ, സി.പി.ഐ. ബംഗാൾ സ്റ്റേറ്റ് ഓഫീസ് സെക്രട്ടറിയും കോട്ടയം സ്വദേശിയുമായ ഭാസ്കരൻ നായർ... അങ്ങനെ ഒട്ടേറെപ്പേർ.

പ്രശസ്ത സിനിമാതാരം ടി.പി. മാധവനാണിപ്പോൾ താരം. ആരോഗ്യം വീണ്ടെടുത്തതോടെ ഇവിടത്തെ പൊതുപരിപാടികളിലെല്ലാം ടി.പി. സജീവം. വിമാനദുരന്തത്തിൽ കൊല്ലപ്പെട്ട ചലച്ചിത്രനടി റാണിചന്ദ്രയുടെ മൂത്ത സഹോദരി ഐഷ വാസുദേവൻ, സർ സി.പി.യുടെ ജ്യേഷ്ഠന്റെ ചെറുമകൾ ആനന്ദവല്ലിയമ്മാൾ, സത്യന്റെ അമ്മയായി അഭിനയിച്ച, 3000 കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയ നടി പാലാ തങ്കം തുടങ്ങി ഒട്ടേറെ പ്രമുഖർ ഇവിടെ ജീവിതസായാഹ്നം സന്തോഷത്തോടെ അനുഭവിക്കുന്നു.

എട്ടുമാസം മുമ്പാണ് സോമരാജന്റെ അച്ഛൻ ചെല്ലപ്പൻ ഗാന്ധിഭവനിൽ വെച്ചുമരിച്ചത്. പുനലൂർ മുനിസിപ്പൽ ജീവനക്കാരനായിരുന്ന അദ്ദേഹം തെരുവിൽ അലയുന്ന രോഗികളെയും കുട്ടികളെയും വീട്ടിൽ കൊണ്ടുവന്ന് കുളിപ്പിച്ച് ഭക്ഷണവും വസ്ത്രവും നൽകി വിടുന്നതു കണ്ടാണ് സോമരാജൻ വളർന്നത്. ''അച്ഛനിൽനിന്നാണ് എനിക്കീ അലിവുള്ള മനസ്സ് കിട്ടിയത്. അച്ഛനും ഇവിടത്തെ പ്രവർത്തനങ്ങളിൽ എനിക്കു തുണയായിരുന്നു.''

മാർച്ച് അഞ്ചിനുവേണ്ടി കാത്തിരിക്കയാണ് ഗാന്ധിഭവൻ. അന്ന് അഞ്ചുപേരുടെ വിവാഹമാണ് ഇവിടെ നടക്കുക. കഴിഞ്ഞ 10 വർഷത്തിനിടെ 68 പേരുടെ മാംഗല്യം നടന്നു. ഇതിൽ 36 വിവാഹവും വ്യവസായപ്രമുഖനായ കെ. മുരളീധരനാണ് നടത്തിയത്. ഭക്ഷണത്തിനുമാത്രം ദിവസം 75,000 രൂപ ചെലവുവരുന്ന ഈ സ്ഥാപനം നടന്നുപോകുന്നത് നന്മയുള്ളവരുടെ പങ്കുവയ്പ്പിൽ കൊണ്ടാണ്. വ്യവസായപ്രമുഖൻ യൂസഫലി നൽകിയ ഒരുകോടി രൂപകൊണ്ടുയരുന്ന കെട്ടിടംപണി തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ മതേതര കുടുംബത്തിനുള്ള ഇന്ത്യ ബുക്ക് ഓഫ് റെക്കോഡ്സിന്റെ അംഗീകാരം ഈ സ്ഥാപനം നേടിയിട്ടുണ്ട്. ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സിലും ഗാന്ധിഭവന്റെ പേരുണ്ട്.

ഗാന്ധിഭവനെ സ്നേഹഗ്രാമമാക്കി മാറ്റിയതിനുപിന്നിൽ പുനലൂർ സോമരാജന് ശക്തി പകരുന്നത് നമ്മളാണ്, ഇനിയും നന്മ മരിച്ചിട്ടില്ലാത്ത നമ്മൾ.

jollyadimathra@gmail.com

**കഴിഞ്ഞ 10 വർഷത്തിനിടെ 68 പേരുടെ മാംഗല്യം ഇവിടെ നടന്നു**



വൃദ്ധർക്കുള്ള ബ്ലോക്ക്

ചിത്രങ്ങൾ: സി.ആർ. ഗിരീഷ്കുമാർ



വസ്ത്രനിർമാണ യൂണിറ്റ്



ഇവിടെ എനിക്ക് സുഖം തന്നെ: ചലച്ചിത്രതാരം ടി.പി. മാധവൻ